# ഗാരബന്താൾ മുന്നറിയിപ്പ്

ലോകവ്യാപകമായി ഉണ്ടാകുന്ന ഒന്നായിരിക്കും അത്. ആകാശത്തിലാകും അത് നടക്കുക. രണ്ട് നക്ഷത്രങ്ങൾ തമ്മിൽ കൂട്ടിയിടിക്കുന്ന അവസ്ഥയായിരിക്കും അത്. എന്നാൽ അവ ഭൂമിയിൽ പതിക്കില്ല. ഭീകരമായ ശബ്ദമായിരിക്കും. സാധാരണ ഭൂമികുലുക്കത്തേക്കാൾ ആയിരം മടങ്ങ് ശബ്ദമായിരിക്കും അതിനുണ്ടാകുക - അത് ഒരു ശിക്ഷയായി തോന്നും. മാനവ ജനത്തിന്റെ വിശുദ്ധീകരണത്തിനുള്ളതായിരിക്കും അത്. അത് നമ്മെ കൊല്ലില്ല. മറിച്ച്, ആരെങ്കിലും അപ്പോൾ മരിക്കുന്നുണ്ടെങ്കിൽ അത് അവന്റെ മാനസിക സംഘർഷം മുഖാന്തിരമായിരിക്കും - അതിനെ അഭിമുഖീകരിക്കാൻ പ്രയാസമായിരിക്കും. അപ്പോൾ പാപങ്ങളെക്കുറിച്ച് മനസ്തപിക്കാൻ തുടങ്ങും.

# ഗാരബന്താളിലെ അത്ഭുതം

മുന്നറിയിപ്പിനുശേഷം 12 മാസത്തിനുള്ളിലാണ് അത് ഉണ്ടാകുക. ഒരു വ്യാഴാഴ്ച രാത്രി 8.30നായിരിക്കും അത് സംഭവിക്കുക. വി. കുർബ്ബാനയോടുള്ള ഭക്തിയെ പ്രതി രക്തസാക്ഷിയായിത്തീർന്ന വിശുദ്ധന്റെ തിരുനാൾ ദിവസമായിരിക്കും അത്. അനേകം അവിശ്വാസികൾ വിശ്വാസത്തിലേക്കു വരും. പല രോഗികളും സുഖം പ്രാപിക്കും.

ഗാരബന്താളിൽ അത്ഭുതകരമായി എന്നേക്കും നിലനിൽക്കുന്ന ഒരു അടയാളം സ്ഥാപിക്കും എന്ന് പരിശുദ്ധ അമ്മ പറഞ്ഞു. ഇന്നുവരെ ലോകം കാണാത്ത വിധത്തിലുള്ളതാകും അത്. അത് തൊട്ടുനോക്കാൻ പറ്റില്ല. പക്ഷേ, ഫോട്ടോ എടുക്കാൻ സാധിക്കും.

# ഗാരബന്താളിലെ ശിക്ഷ

ഗാരബന്താളിലെ മുന്നറിയിപ്പും, അത്ഭുതവും ഒന്നും വിശ്വസിക്കാതെ, അതിലെ കാര്യങ്ങൾ അനുസരിക്കാതെയെല്ലാം ജീവിച്ചാൽ ഒരു വലിയ ശിക്ഷ ഉണ്ടാകും എന്ന് പരിശുദ്ധ അമ്മ പറഞ്ഞു. വളരെ ഭയാനകമായിരിക്കും അത്. കൊൺജിത്ത പറയുന്നു. “ശിക്ഷ വരുകയാണെങ്കിൽ, അല്ല അത് വരുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്, വാഗ്ദാനം ചെയ്യപ്പെട്ട അദ്ഭുതത്തിനു ശേഷം മാത്രമെ അതുണ്ടാകൂ” .